ഉത്തരം

(എ) 3-2-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) 23/10/ടൂറിസം പ്രകാരം പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഡി.റ്റി.പി.സി സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ലാഭം ലക്ഷ്യമാക്കിയല്ല ഡി.റ്റി.പി.സി പ്രവർത്തിക്കുന്നത്. എങ്കിലും ഡി.റ്റി.പി.സി.-കളുടെ സാമ്പത്തിക നില പൊതുവെ ഭദ്രമാണ്.

(ഇ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നേരിട്ടും ഡി.റ്റി.പി.സി. മുഖേനയും പദ്ധതി നടപ്പാക്കി വരുന്നു. ഇതിൽ സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിന്റെ മേൽനോട്ടവും പദ്ധതി അവലോകനവും ഡി.റ്റി.പി.സി. മുഖാന്തിരം തന്നെയാണ് നടത്തിവരുന്നത്.

**വിനോദസഞ്ചാര വകുപ്പിലേയും അതിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലേയും തസ്തികകളിൽ നേരിട്ട് നിയമനം**

**89 (6007)** ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിലേയും അതിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലേയും ഏതെങ്കിലും തസ്തികകളിൽ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതമാണ് നിയമിച്ചിട്ടുള്ളത് ;

(സി) ഇതിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു ;

(ഡി) പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരമല്ലാതെ നിയമനം നടത്തുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഏതെങ്കിലും ഏജൻസി മുഖാന്തിരമാണോ ഇത്തരം നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയത് ;

(ജി) എങ്കിൽ പ്രസ്തുത ഏജൻസികൾ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൻ വന്നതിനുശേഷം വിനോദ സഞ്ചാര വകുപ്പിൽ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ സ്പോർട്സ് കാട്ട /ആശ്രിത നിയമനം എന്നിവ മുഖേന അംഗീകൃത തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ട്. സ്ഥാപനങ്ങളും നിയമിച്ചവരുടെ തസ്തിക തിരിച്ചുള്ള എണ്ണവും ചുവടെ ചേർക്കുന്നു.

വിനോദസഞ്ചാര വകുപ്പ്

| തസ്തിക | നിയമിച്ചവരുടെ എണ്ണം |
|---|---|
| എൽ.ഡി. ക്ലർക്ക് | 20 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 3 |
| മാനേജർ ഗ്രേഡ് III | 1 |
| ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് | 30 |
| കുക്ക് | 7 |
| ലാസ്ക്കർ | 12 |
| വാച്ചർ | 24 |
| പ്ലംബർ | 6 |
| സ്വീപ്പർ/സ്കാവഞ്ചർ/സ്വീപ്പർ കം സ്കാവഞ്ചർ/സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ | 38 |

ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (TRKL)
TRKL-ൽ നേരിട്ട് നിയമനം നടത്തിയിട്ടില്ല.

തെൻമല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി (TEPS)

| | |
|---|---|
| ജൂനിയർ എക്സിക്യൂട്ടീവ് (ടൂറിസം) | 2 |
| ഓഫീസ് അസിസ്റ്റന്റ്-കം-സെക്രട്ടറി | 1 |
| അക്കൗണ്ടന്റ് | 1 |

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി

| | |
|---|---|
| അദ്ധ്യാപകർ | 12 |

LIBRARY ARCHIVES Kerala Legislative Assembly

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (KTDC)

| | |
|---|---|
| അക്കൗണ്ട്സ് ഓഫീസർ | 1 |
| വെയിറ്റർ | 15 |
| മാനേജർ ഗ്രേഡ് IV | 13 |
| അസിസ്റ്റന്റ് കുക്ക് | 5 |
| ഇലക്ട്രീഷ്യൻ | 5 |
| ഓഫീസ് അസിസ്റ്റന്റ് | 3 |
| ഗൈഡ് | 1 |
| ബിൽ ക്ലാർക്ക് | 3 |
| കുക്കിംഗ് അറ്റന്റന്റ് | 1 |
| അക്കൗണ്ടന്റ് | 1 |
| ഹെൽപ്പർ | 4 |
| എ.സി. മെക്കാനിക്ക് | 3 |
| ഡ്രൈവർ | 2 |
| ആകെ | 57 |

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS)

| | |
|---|---|
| പ്രിൻസിപ്പൽ, കിംസ് (കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ്) | 1 |
| പ്രിൻസിപ്പൽ, കിറ്റ്സ് | 1 |
| ലക്ചറർ, ട്രാവൽ ആന്റ് ടൂറിസം | 1 |
| ലക്ചറർ, ട്രാവൽ സ്റ്റഡീസ് | 1 |
| അക്കൗണ്ടന്റ് | 1 |
| പ്യൂൺ | 2 |
| കൺസൾട്ടന്റ് | 1 |
| ക്ലർക്ക് | 2 |
| ഡ്രൈവർ കം പ്യൂൺ | 1 |



LIBRARY ARCHIVES Kerala Legislative Assembly

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ (BRDC)

| കരാർ അടിസ്ഥാനം | | ദിവസ വേതനം | |
|---|---|---|---|
| അസിസ്റ്റന്റ് ടൂറിസം | 1 | ഡ്രൈവർ | 1 |
| അക്കൗണ്ട്സ് അസിസ്റ്റന്റ് | 1 | അറ്റൻഡർ | 1 |
| അസിസ്റ്റന്റ് (എൽ.എ) | 1 | | |
| ടൂറിസം (ട്രെയിനീസ്) | 3 | | |
| അക്കൗണ്ട്സ് അസിസ്റ്റന്റ് (ട്രെയിനി) | 1 | | |
| സൈറ്റ് എൻജിനീയർ | 1 | | |

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM)

| | |
|---|---|
| പ്രിൻസിപ്പൽ | 1 |
| ലക്ചറർ | 2 |
| അസിസ്റ്റന്റ് ലക്ചറർ | 3 |
| ഓഫീസ് സൂപ്രണ്ട് കം അക്കൗണ്ടന്റ് | 1 |
| എൽ.ഡി. ക്ലാർക്ക് | 1 |
| ജനറൽ അറ്റൻഡന്റ് | 1 |

(സി) വിനോദ സഞ്ചാര വകുപ്പിൽ പി.എസ്.സി. യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖാന്തിരം നിയമിച്ചവരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | നിയമിച്ചവരുടെ എണ്ണം |
|---|---|
| എൽ.ഡി. ക്ലാർക്ക് | 14 |
| എൽ.ഡി ടൈപ്പിസ്റ്റ് | 3 |
| മാനേജർ ഗ്രേഡ് III | 1 |
| ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് | 30 |
| കുക്ക് | 7 |
| ലാസ്ക്കർ | 12 |
| വാച്ചർ | 24 |
| പ്യൂൺ | 5 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| സ്വീപ്പർ/സ്കാവഞ്ചർ/സ്വീപ്പർ കം സ്കാവഞ്ചർ /സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ | 38 |

കെ.റ്റി.ഡി.സി.യിൽ പി.എസ്.സി മുഖാന്തിരം നിയമനം നടത്തിയ തസ്തിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡ്രൈവർ | 2 |

കെ.റ്റി.ഡി.സി.-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തിയ തസ്തികകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് കുക്ക് | 5 |
| ഇലക്ട്രീഷ്യൻ | 5 |
| എ.സി.മെക്കാനിക്ക് | 3 |
| വെയിറ്റർ | 15 |

റ്റി.ആർ.കെ.എൽ, ടെപ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസിറ്റ്യൂട്ട്, കിറ്റ്സ് BRDC, SIHM എന്നീ സ്ഥാപനങ്ങളിൽ പി. എസ്.സി മുഖാന്തിരമോ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ നിയമനം നടത്തിയിട്ടില്ല.

(ഡി) വിനോദ സഞ്ചാര വകുപ്പിൽ പി.എസ്സ്.സി.യും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖാന്തിരമല്ലാതെ ചുവടെ ചേർത്തിരിക്കുന്ന അംഗീകൃത തസ്തികകളിൽ സർക്കാർ ഉത്തരവ് അനുസരിച്ച് നിയമനം നടത്തിയിട്ടുണ്ട്.

| തസ്തിക | നിയമനങ്ങളുടെ എണ്ണം |
|---|---|
| എൽ.ഡി. ക്ലാർക്ക് | 2 (സ്പോർട്സ് ക്വാട്ട) |
| എൽ.ഡി. ക്ലാർക്ക് | 4 (ആശ്രിത നിയമനം) |
| പ്യൂൺ | 1 (സ്പോർട്സ് ക്വാട്ട) |

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) അംഗീകരിച്ച സർവ്വീസ് റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനം വഴിയാണ് തസ്തികകളിൽ നിയമനം നടത്തുന്നത്.

കെ.റ്റി.ഡി.സി.യിൽ ആശ്രിത നിയമനം വഴിയും വികലാംഗ നിയമനം വഴിയും നിയമനം നടത്തിയിട്ടുണ്ട്.

റ്റി.ആർ.കെ.എൽ, ടെപ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസസ്റ്റിസ്റ്റ്യൂട്ട്, കിറ്റ്സ്, SIHM എന്നിവിടങ്ങളിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖാന്തിരമല്ലാതെ നിയമനം നടത്തിയിട്ടില്ല.

(ഇ) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഐ.എം.ജി.യും എസ്.ഐ.എച്ച്.എം.-ൽ കിറ്റ്സും മുഖാന്തിരമാണ് നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കിയത്. വിനോദ സഞ്ചാര വകുപ്പിലോ അതിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലോ ഏതെങ്കിലും ഏജൻസി മുഖാന്തിരം നിയമനം നടത്തിയിട്ടില്ല.

(ജി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എസ്.സി യുടെ മാനദണ്ഡങ്ങൾ സ്വീകരിച്ചാണ് ലിസ്റ്റ് തയാറാക്കിയത്. SIHM-ൽ എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മറ്റും അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

## കോ-ഓർഡിനേഷൻ കമ്മിറ്റി

**90 (6008)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി മുതലായവർ അംഗങ്ങളായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഏതുതരം വിഷയങ്ങളിലാണ് പ്രസ്തുത കമ്മിറ്റി തീർപ്പുകൽപ്പിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച് നിയമവ്യവസ്ഥകൾ എന്തൊക്കെയെന്നും ഇതു സംബന്ധമായ സർക്കാർ ഉത്തരവുകൾ ഉണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകളുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പും ഇതുസംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ. ?

### ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, (ചെയർമാൻ) തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി പട്ടികജാതി-പട്ടിക വർഗ്ഗ-വികസന വകുപ്പ് സെക്രട്ടറി, മെമ്പർ സംസ്ഥാന പ്ലാനിംഗ് ബോർഡ്, പഞ്ചായത്ത് ഡയറക്ടർ നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി 15-2-1999-ലെ ജി. ഒ (പി) നമ്പർ 33/99/എൽ. എ. ഡി. പ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത്. കമ്മിറ്റിയുടെ രൂപീകരണം, ഘടനാ പ്രവർത്തനം, അധികാരാവകാശങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുള്ള പ്രസ്തുത സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്.

(ബി) അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളാണ് കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കുന്നത്.

(സി & ഡി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly